മംഗളം
MANGALAM MALAYALAM NEWS

17 September 2026

■ സി.എം.എഫ്.ആർ.ഐ അറബിക്കടലിൽ നിന്നും കണ്ടെത്തിയ പുതിയ ഈൽ മത്സ്യമായ അരിയോസോമ സി.എം.എഫ്.ആർ.ഐയൻസെ.

അറബിക്കടലിൽ നിന്നും സി.എം.എഫ്.ആർ.ഐയുടെ പേരിൽ പുതിയ ഈൽ മത്സ്യം

കൊച്ചി: അറബിക്കടലിൽ നിന്ന് പുതിയ ഇനം ഈൽ മത്സ്യത്തെ കണ്ടെത്തി. പുതിയ മീൻ ഇനി സി.എം.എഫ്.ആർ.ഐയുടെ പേരിൽ അറിയപ്പെടും. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ(സി.എം.എഫ്.ആർ.ഐ) ഗവേഷകർ കൊല്ലം തീരത്തു നിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിൽ നിന്നാണ് മീനിനെ ലഭിച്ചത്. കഴിഞ്ഞ ജനുവരിയിൽ ലഭിച്ച മത്സ്യം ശാസ്ത്രീയ പരിശോധനയിൽ പുതിയ ഇനം ഈൽ മത്സ്യമാണെന്ന് സി.എം.എഫ്.ആർ.ഐയിലെ ഗവേഷകർ തിരിച്ചറിയുകയായിരുന്നു.

സി.എം.എഫ്.ആർ.ഐയുടെ 80ാം വാർഷികത്തിന്റെ ഭാഗമായി മീനിന് അരിയോസോമ സി.എം.എഫ്.ആർ.ഐയൻസെ എന്ന് നാമകരണം ചെയ്തു.ഇന്ത്യയുടെ ആഴക്കടൽ ഗവേഷണ മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതാണ് ഈ ഗവേഷണ നേട്ടമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. മീനിന്റെ അടിഭാഗത്ത് കാണപ്പെടുന്ന കറുത്ത പുള്ളികളാണ് പ്രധാന ആകർഷണം. പുതിയ മത്സ്യം കണ്ടെത്തിയതായുള്ള ശാസ്ത്ര പഠനം അന്താരാഷ്ട്ര ടാക്സോണമിക് ജേണലായ സൂടാക്സയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.